ഉത്തരം

(എ) ആത്മഹത്യ ചെയ്തവരുടെ കുടുംബങ്ങൾക്കു മാത്രമായി സാമ്പത്തിക സഹായം നൽകുന്ന പദ്ധതി നിലവിലില്ല.

(ബി—ഇ) ചോദ്യം ഉദിക്കുന്നില്ല.

അനുവദിക്കുന്ന സാമൂഹ്യക്ഷേമ പെൻഷനുകളുടെ കുടിശ്ശിക

152 [2632] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമവകുപ്പ് മുഖേന അനുവദിക്കുന്ന വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾ ഏതെല്ലാമെന്നും ഇവ ഏത് മാസം വരെയാണ് നൽകിയിട്ടുള്ളതെന്നും തരംതിരിച്ച് വ്യക്തമാക്കുമോ;

(ബി) സാമൂഹ്യക്ഷേമ വകുപ്പ് തുക അനുവദിച്ചിട്ടും ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രസ്തുത പെൻഷൻ തുകകൾ യഥാസമയം നൽകുന്നില്ലെന്നുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഈ വിവരങ്ങൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

(ബി) ഇല്ല.

പെൻഷൻ കുടിശ്ശിക നൽകാൻ വേണ്ട തുക

153 [2633] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാർദ്ധക്യകാല, അഗതി, വിധവാ പെൻഷനുകൾ വിതരണം ചെയ്യുന്നതിൽ എത്ര മാസത്തെ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പെൻഷൻ പദ്ധതിയിൽ ഓരോന്നിലും എത്ര ഗുണഭോക്താക്കൾ വീതമുണ്ടെന്നും അവർക്ക് പെൻഷൻ നൽകുന്നതിന് എത്ര തുക വേണ്ടിവരുമെന്നും വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിനായി ഈ വർഷത്തെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്;

(ഡി) കുടിശ്ശിക തീർത്ത് നൽകുന്നതിന് ആകെ എത്ര തുക വേണ്ടിവരും;

(ഇ) ബാക്കി തുക എപ്രകാരം കണ്ടെത്താൻ സർക്കാർ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ;

(എഫ്) പുതിയ അപേക്ഷകൾ പരിഗണിക്കുമോ;

(ജി) ഇപ്പോൾ എത്ര അപേക്ഷകൾ കെട്ടിക്കിടക്കുന്നു എന്ന് വ്യക്തമാക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വാർദ്ധക്യകാല പെൻഷൻ, അഗതി/വിധവാ പെൻഷൻ എന്നിവ ഏതു മാസം വരെ വിതരണം ചെയ്തു എന്ന വിവരം താഴെ കൊടുക്കുന്നു:

	ജില്ല	വാർദ്ധക്യകാല പെൻഷൻ	അഗതി/വിധവാ പെൻഷൻ
1.	തിരുവനന്തപുരം	2/2003	2/2003
2.	കൊല്ലം	2/2003	2/2003
3.	പത്തനംതിട്ട	2/2003	2/2003
4.	ആലപ്പുഴ	3/2003	3/2003
5.	കോട്ടയം	3/2003	3/2003
6.	ഇടുക്കി	2/2003	2/2003
7.	എറണാകുളം	3/2003	3/2003
8.	തൃശ്ശൂർ	3/2003	3/2003
9.	പാലക്കാട്	2/2003	3/2003
10.	മലപ്പുറം	12/2002	2/2003
11.	കോഴിക്കോട്	3/2003	3/2003
12.	വയനാട്	2/2003	2/2003
13.	കണ്ണൂർ	2/2003	1/2003
14.	കാസർഗോഡ്	1/2003	1/2003

(ബി)

	പദ്ധതിയുടെ പേര്	ഗുണഭോക്താക്കളുടെ എണ്ണം	2003-04 വർഷത്തിൽ വേണ്ടി വരുന്ന തുക (ലക്ഷത്തിൽ)
1.	വാർദ്ധക്യകാല പെൻഷൻ	1,52,474	2113.29
2.	വിധവ/അഗതി പെൻഷൻ	2,31,348	3235.49

(സി) വാർദ്ധക്യകാല പെൻഷനായി 306.98 ലക്ഷം രൂപയും വിധവ/അഗതി പെൻഷനായി 1977.69 ലക്ഷം രൂപയുമാണ് ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്.

(ഡി) 2004 മാർച്ച് വരെയുള്ള പെൻഷൻ നൽകുന്നതിനായി വാർദ്ധക്യകാല പെൻഷന് 1806.31 ലക്ഷം രൂപയും വിധവ/അഗതി പെൻഷനായി 1257.80 ലക്ഷം രൂപയും വേണ്ടിവരും.

(ഇ) സർക്കാരിന്റെ ധനസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ഉപധനാഭ്യർത്ഥനയിലൂടെ ബാക്കി തുക കണ്ടെത്താം എന്നാണ് പ്രതീക്ഷിക്കുന്നത്.

(എഫ്) പരിഗണിക്കുന്നുണ്ട്.

(ജി) പ്രസ്തുത വിവരം ശേഖരിച്ച് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly